**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1863** **20-06-2024 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നുള്ള സർവ്വീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്ന് ഫാസ്റ്റ് പാസഞ്ചർ ഒഴികെ എത്ര സർവീസുകളാണ് ദിവസവും നിലവിൽ ഓപ്പറേറ്റ് ചെയ്യുന്നത്; പ്രസ്തുത സർവീസുകൾ നടത്തുന്നതിന് ആകെ എത്ര ബസുകൾ ആവശ്യമാണ്; മുഴുവൻ സർവീസുകളും നടത്താൻ ആവശ്യമായ ബസുകൾ ഡിപ്പോയിൽ ലഭ്യമാണോ; എന്നിവ അറിയിക്കാമോ; | (എ) | ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്ന് ഫാസ്റ്റ് പാസഞ്ചർ ഒഴികെ നിലവിൽ 35 സർവീസുകൾ (ഒരു ഗ്രാമവണ്ടി ഉൾപ്പെടെ) ഓപ്പറേറ്റ് ചെയ്യുന്നു. ഈ സർവീസുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് 35 ബസ്സുകൾ ആവശ്യമാണ്. ചാത്തന്നൂർ ഡിപ്പോയിൽ നിന്നും ഫാസ്റ്റ് പാസഞ്ചർ ഉൾപ്പെടെ ആകെ 45 സർവീസുകളാണ് ഓപ്പറേറ്റ് ചെയ്യുന്നത്. ചാത്തന്നൂർ ഡിപ്പോയിൽ ആകെ 54 ബസ്സുകളാണ് അനുവദിച്ചിട്ടുള്ളത്. അതിൽ 14 ഫാസ്റ്റ് പാസഞ്ചർ ബസ്സുകളും, 40 ഓർഡിനറി ബസ്സുകളുമാണ് ഉൾപ്പെട്ടിട്ടുള്ളത്. മുഴുവൻ സർവീസുകളും നടത്താൻ ആവശ്യമായ ബസുകൾ ഡിപ്പോയിൽ ലഭ്യമാണ്. |
| (ബി) | ചാത്തന്നൂർ ഡിപ്പോയിൽ നിന്ന് നിലവിൽ നടത്തിവരുന്ന ഫാസ്റ്റ് പാസഞ്ചർ സർവീസുകൾ എത്രയെണ്ണം; ഏതെല്ലാം സ്ഥലങ്ങളെ ബന്ധിപ്പിച്ചാണ് പ്രസ്തുത സർവീസുകൾ നടത്തുന്നത്; അതിനു പര്യാപ്തമായ നിലയിൽ ബസ്സുകൾ ഡിപ്പോയിൽ അനുവദിച്ചിട്ടുണ്ടോ; എന്നിവ വ്യക്തമാക്കാമോ; | (ബി) | 10 ഫാസ്റ്റ് പാസഞ്ചർ സർവീസുകൾ ലഭ്യമാണ്. തിരുവനന്തപുരം, ആറ്റിങ്ങൽ, കൊല്ലം, കരുനാഗപ്പള്ളി, കായംകുളം, ആലപ്പുഴ, കൊട്ടാരക്കര, അടൂർ, ചെങ്ങന്നൂർ, തിരുവല്ല, കോട്ടയം, പള്ളിക്കൽ, വെള്ളിമൺ, കുണ്ടറ, കൊട്ടിയം, പഴവൂർ, പത്തനംതിട്ട, കാഞ്ഞിരപ്പള്ളി, മുണ്ടക്കയം, കുമിളി എന്നീ പ്രധാന സ്ഥലങ്ങളെ ബന്ധിപ്പിച്ചാണ് പ്രസ്തുത സർവീസുകൾ നടത്തി വരുന്നത്.<br><br>ചാത്തന്നൂർ ഡിപ്പോയിൽ നിലവിൽ 14 ഫാസ്റ്റ് പാസഞ്ചർ ബസ്സുകളാണ് ലഭ്യമായിട്ടുള്ളത്. ഫാസ്റ്റ് പാസഞ്ചർ സർവീസുകൾ നടത്തുന്നതിന് പര്യാപ്തമായ നിലയിൽ ബസ്സുകൾ ഡിപ്പോയിൽ അനുവദിച്ചിട്ടുണ്ട്. |
| (സി) | ചാത്തന്നൂർ ഡിപ്പോയിൽ അനുവദിക്കപ്പെട്ടിട്ടുള്ള മുഴുവൻ സർവീസുകളും ഓപ്പറേറ്റ് ചെയ്യുന്നതിന് എത്ര കണ്ടക്ടർമാരുടെയും ഡ്രൈവർമാരുടെയും സേവനമാണ് ദിവസവും ആവശ്യമുള്ളത്; നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ള അംഗീകൃത | (സി) | മുഴുവൻ സർവ്വീസുകളും നടത്തുവാൻ ആവശ്യമായ കണ്ടക്ടർ - 91<br><br>മുഴുവൻ സർവ്വീസുകളും നടത്തുവാൻ ആവശ്യമായ ഡ്രൈവർ - 91<br><br>നിലവിൽ ലഭ്യമായ കണ്ടക്ടർ - (സ്ഥിരം) - 81 |

| | | | |
|---|---|---|---|
| | കണ്ടക്ടർമാരുടെയും ഡ്രൈവർമാരുടെയും എണ്ണം എത്രയാണ്; വ്യക്തമാക്കാമോ? | | നിലവിൽ ലഭ്യമായ കണ്ടക്ടർ - (ബദലി) - 11<br><br>ആകെ ലഭ്യമായ കണ്ടക്ടർ - 92<br><br>നിലവിൽ ലഭ്യമായ ഡ്രൈവർ - സ്ഥിരം - 64<br><br>നിലവിൽ ലഭ്യമായ ഡ്രൈവർ - ബദലി - 20<br><br>ആകെ ലഭ്യമായ ഡ്രൈവർ - 84 |

സെക്ഷൻ ഓഫീസർ